## പിൻ ചെയ്യാത്ത നോട്ടുകൾ മാത്രം സ്വീകരിക്കാൻ ആർ ബി ഐ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

**ജൂൺ 5, 2003**

2003 ജൂൺ 5 ന് പുറത്തിറങ്ങിയ ചില പത്രങ്ങളിൽ, പിൻചെയ്യാത്ത നോട്ടുകൾ മാത്രമേ സ്വീകരിക്കാവു എന്ന റിസർവ് ബാങ്കിന്റെ 2001 നവംബർ 7 ലെ നിർദ്ദേശം നടപ്പാക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകളെയും പ്രശ്നങ്ങളെയും സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചിരുന്നു.

ഈ വാർത്ത അടിസ്ഥാനരഹിതമാണ്. ഇതേ കുറിച്ചുള്ള അനിശ്ചിതത്വം നീക്കാൻ, റിസർവ് ബാങ്ക് 2001 നവംബറിൽ തന്നെ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്ന് വിശദീകരിക്കുന്നു. പല കാര്യങ്ങളുടെയും ഒപ്പം റിസർവ് ബാങ്ക് ബാങ്കുകളോട് നിർദ്ദേശിച്ചത് നോട്ട് എണ്ണുന്ന യന്ത്രങ്ങളും നോട്ട് അടുക്കുന്ന യന്ത്രങ്ങളും വാങ്ങാനാണ്. അതിനുള്ള പ്രാരംഭനടപടികൾക്ക് റിസർവ് ബാങ്ക് ധാരാളം സമയം നൽകിയിരുന്നു. നോട്ട് ബാൻഡിംഗ് മെഷീൻ, നോട്ട് പായ്ക്കറ്റുകൾ, കെട്ടുകൾ എന്നിവ നെടുകയും കുറുകയും അടുക്കുന്നതുകൊണ്ട് അതിൽനിന്നൊന്നുപോലും ഊരി എടുക്കാൻ ആർക്കും കഴിയുകയില്ല. റിസർവ് ബാങ്കുമായി ഇടപെടുന്ന, റയിൽവേ, തപാൽ വകുപ്പ്, കസ്റ്റംസ്, റീജിയണൽ പാസപോർട്ട് ഓഫീസ്, സംസ്ഥാന സർക്കാർ വകുപ്പുകൾ, മിൽക്ക് കമ്മീഷണർ ഓഫീസർ, രജിസ്റ്റാർ ഓഫ് അഷ്വറൻസ്, കൊൽക്കത്താ കളക്ടർ ഓഫീസ് എന്നിവയെല്ലാം ഈ നടപടിക്രമമനുസരിച്ച് പിൻ ചെയ്യാത്ത നോട്ടുകളാണ് റിസർവ് ബാങ്കിന് നൽകുന്നത്.

കൊൽക്കത്താ റിസർവ് ബാങ്ക് ഓഫീസിനെ സംബന്ധിച്ചുള്ള പരാതി അടിസ്ഥാനരഹിതമാണ്. അവിടെ നിന്ന് റിസർവ് ബാങ്ക് മാർഗ്ഗമുള്ള എല്ലാ പണമിടപാടുകളും പിൻ ചെയ്യാത്ത നോട്ടുകളായാണ് നടക്കുന്നത്. അവിടെ നിന്ന് കുറുകെ ബാൻഡിട്ട നോട്ടുകെട്ടുകളായിട്ടാണ്, പുതിയതലാലത്തതും അതേ സമയം വിതരണയോഗ്യമായതുമായ നോട്ടുകളും ഇതു വളരെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പാണ്. ഇതനുസരിച്ച് പൊതുമേഖലാ സ്വകാര്യ മേഖലാ ബാങ്കുകൾ ഈ മാതൃക പിൻതുടർന്നിട്ടുണ്ട്. ഇത് ഡിപ്പാർട്ട്മെന്റുകളോടും, പൊതുജനങ്ങളോടും ഇടപെടുന്നതിന് മൊത്തത്തിൽ സഹായകമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം അഭിപ്രായപ്രകടനങ്ങൾ അനാവശ്യവും അടിസ്ഥാനമില്ലാത്തതുമാണ്.

1995 ൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയും റിസർവ് ബാങ്കും കൂടി യോജിച്ചെടുത്ത തീരുമാനപ്രകാരമാണ് നോട്ടുകൾ പിൻ ചെയ്യുന്ന ഏർപ്പാട് നിർത്തിവച്ചത്. 1996 മുതൽ അത് വിജയകരമായി നടപ്പാക്കിയും വരുന്നു. ഈ സാഹചര്യത്തിൽ ചില സർക്കാർ വകുപ്പുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയോട് നോട്ടുകൾ പിൻ ചെയ്ത് നൽകണമെന്നാവശ്യപ്പെട്ടത് നീതീകരിക്കാനാവില്ല. ഈ സംരംഭത്തിന് ബാങ്ക് മാനേജർമാർ അവരുടെ പരിപൂർണ പിന്തുണ

പല യോഗങ്ങളിലും വച്ച് ഉറപ്പു നൽകിയിട്ടുള്ളതാണ്. അതനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും മറ്റ് ബാങ്കുകളും റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

റിസർവ് ബാങ്കിന്റെ ആധുനീകരണ പദ്ധതി മുഖേന പുതിയതും വീണ്ടും വിതരണം ചെയ്യാവുന്നതുമായ നോട്ടുകളുടെയും നല്ല നാണയങ്ങളുടെയും ലഭ്യത ഉറപ്പാക്കുകയും, ഇരുപത് മില്ല്യൻ മോശമായ നോട്ടുകൾ വിതരണത്തിൽ നിന്ന് പിൻവലിക്കുകയും ചെയ്തു. കൂടാതെ വിതരണ ശൃംഖല ചലനാത്മകമാക്കാൻ പണപ്പെട്ടി സൂക്ഷിക്കുന്ന ബാങ്കുകളുമായി തുടർച്ചയായി ചർച്ചയിലേർപ്പെട്ടുവരികയാണ് ആർ ബി ഐ

ചില ഗവൺമെന്റ് സ്വകാര്യമേഖല, സ്ഥാപനങ്ങളായ ഡബ്ലിയു എസ് ഇ ബി, സി ഇ എസ് സി, ബി എസ് എൻ എൽ എന്നിവ നോട്ടുകൾ പിൻചെയ്താണ് ബാങ്കുകളിൽ ഹാജരാക്കുന്നത്. അത് ശരിയല്ല ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് പിൻ ചെയ്യാതെയുള്ള നോട്ടുകൾ സ്വീകരിക്കുന്നതിനാണ്. സർക്കാർ വകുപ്പുകളും മറ്റ് സ്ഥാപനങ്ങളായ സി ഇ എസ് സിയും മറ്റും പണം കൈകാര്യം ചെയ്യുന്ന വകുപ്പുകളെയും സിംപിൾ ബാൻഡിംഗ് സമ്പ്രദായവും പോളിത്തീൻ കവറുകളുടെ ഉപയോഗവും ശീലിപ്പിക്കേണ്ടതാണ്. പിൻ ചെയ്യുന്നത് നോട്ടുകളെ നശിപ്പിക്കുകയും അവയുടെ ആയുസ്സ് കുറയ്ക്കുകയും ചെയ്യും. നോട്ട് അച്ചടിക്കണമെങ്കിൽ നാം പുറത്ത് നിന്ന് പേപ്പർ ഇറക്കുമതി ചെയ്യേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ ജനങ്ങളെ ബോധവാൻമാരാക്കണം. ബാങ്കുകൾക്ക് സീൽ ചെയ്ത പോളിത്തീൻ കവറുകൾ പിൻ ചെയ്യാത്ത നോട്ട് കെട്ടുകൾ ബലമായിട്ടുറപ്പിക്കാൻ ഉപയോഗിക്കാവുന്നതാണ്.

റിസർവ് ബാങ്കിന്റെ നല്ല നോട്ട് നയം പൊതുജനങ്ങളുടെ ഉപയോഗത്തിനാണ്. സി വി പി എസ് സമ്പ്രദായത്തിൽ നോട്ടുകൾ പിൻ ചെയ്യാതെ കൊടുക്കുകയും വാങ്ങിക്കുകയും ചെയ്യുന്നു. ഈ സംരംഭത്തിന്റെ വിജയത്തിന് എല്ലാ തലത്തിലുമുള്ള ആളുകളുടെ മന:സ്ഥിതി മാറേണ്ടതും സഹകരണവും ആവശ്യമാണ്.

അജിത് പ്രസാദ്
മാനേജർ

പത്രക്കുറിപ്പ്
2002-2003/1246